പ്രജനന ശൈശവ പദ്ധതിയിൽ, പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർക്കും ജില്ലാ മെഡിക്കൽ ആഫീസർക്കുമാണ് തുക ചെലവഴിക്കുന്നതിനുള്ള അധികാരം. എന്നാൽ ഈ പദ്ധതി പ്രകാരമുള്ള പ്രധാനപ്പെട്ട സിവിൽ ജോലികളുടെ തുക ചെലവഴിക്കാനുള്ള അധികാരം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനാണ്.

കുഷ്ഠരോഗ നിർമ്മാർജന പ്രവർത്തനങ്ങൾക്കും ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുമുള്ള തുക ചെലവഴിക്കുന്നത് സംസ്ഥാന/ജില്ലാ റ്റി.ബി. ആന്റ് ലെപ്രസി സൊസൈറ്റികളാണ്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ചെയർമാൻ) ആരോഗ്യ വകുപ്പ് ഡയറക്ടർ (വൈസ് ചെയർമാൻ) അഡീഷണൽ ഡയറക്ടർ (റ്റി.ബി.) (മെമ്പർ സെക്രട്ടറി) സംസ്ഥാന ലെപ്രസി ഓഫീസർ (ജോയിന്റ് മെമ്പർ സെക്രട്ടറി)യും മറ്റ് മെമ്പർമാർ എന്നിവരുൾപ്പെട്ടതാണ് സ്റ്റേറ്റ് റ്റി.ബി. ആന്റ് ലെപ്രസി സൊസൈറ്റി. ജില്ലാ സൊസൈറ്റികളുടെ ചെയർമാൻ ജില്ലാ കളക്ടറും, വൈസ് ചെയർമാൻ ജില്ലാ മെഡിക്കൽ ആഫീസറും, മെമ്പർ സെക്രട്ടറി ജില്ലാ റ്റി.ബി. ആഫീസറുമാണ്.

(സി) എയ്ഡ്സ് നിയന്ത്രണ പദ്ധതികൾ ജില്ലാ തലത്തിൽ നടപ്പിലാക്കുന്നത് ജനപ്രതിനിധികൾ അംഗങ്ങളായ ജില്ലാ എയ്ഡ്സ് കമ്മിറ്റിയാണ്. പ്രജനന ശൈശവ പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക ആരോഗ്യ വകുപ്പിൽ നിന്നും അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുകയും ബ്ലോക്ക് പഞ്ചായത്തുകൾ ജനപ്രതിനിധികളുമായി ആലോചിച്ച് സിവിൽ ജോലികൾ നടപ്പിലാക്കുകയും ചെയ്യുന്നു. എന്നാൽ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെയുള്ള സെക്ടർ റിഫോംസ് പദ്ധതി, കുഷ്ഠരോഗനിർമ്മാർജന പദ്ധതി, ക്ഷയരോഗ നിയന്ത്രണ പദ്ധതി എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് നടപ്പിലാക്കുന്നത്.

(ഡി) ഒരോ ഇനത്തിലും കിട്ടിയ തുക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | എയ്ഡ്സ് നിയന്ത്രണ പദ്ധതി | .. 42.67 കോടി രൂപ |
| 2. | പ്രജനന ശൈശവ പദ്ധതി | .. 30.37 കോടി രൂപ |
| 3. | യൂറോപ്യൻ കമ്മീഷൻ സെക്ടർ റിഫോംസ് പദ്ധതി | .. 7.51 കോടി രൂപ |
| 4. | ക്ഷയരോഗ നിയന്ത്രണ പദ്ധതി | .. 5.945 കോടി രൂപ |
| 5. | കുഷ്ഠരോഗ നിർമ്മാർജന പദ്ധതി | .. 73 ലക്ഷം രൂപ |

## ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി

144 [147] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് തയ്യാറായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ യും ബി യും) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ല. സ്പെഷ്യൽ റൂൾസ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യം സംബന്ധിച്ച് അദ്ധ്യാപകേതര സർവീസ് സംഘടനകളുമായി ഒരുവട്ടം ചർച്ച നടന്നുകഴിഞ്ഞു.

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് തയ്യാറായിട്ടില്ല.

പാർട്ട്ടൈം നിയമനത്തിനുള്ള വ്യവസ്ഥകൾ

145 [148] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ പാർട്ട്ടൈം നിയമനത്തിനു നിലവിലുള്ള നിയമവ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയമനത്തിനായി ജില്ലകളിൽ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലകളിൽ പ്രസ്തുത നിയമനം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പാർട്ട്ടൈം സ്വീപ്പർമാരുടെ നിയമനത്തിന് ജി.ഒ.(എം.എസ്.) 291/01/എച്ച്. ആന്റ് എഫ്. ഡബ്ലിയു. ഡി. തീയതി 13-11-2001 പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇവരുടെ യോഗ്യത നിർണ്ണയിക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്:

| | | | |
|---|---|---|---|
| വിദ്യാഭ്യാസ യോഗ്യത | | .. | ഇല്ല. |
| 1. | 7-ാം ക്ലാസ്സിനുമുകളിൽ | .. | 10 മാർക്ക് |
| 2. | ആരോഗ്യം, ശാരീരിക ക്ഷമത | .. | 10 മാർക്ക് |
| 3. | ഇന്റർവ്യൂ | .. | 30 മാർക്ക് |
| | ആകെ | .. | 50 മാർക്ക് |

ജി. ഒ.(എം. എസ്.) 141/02/എച്ച്. ആന്റ് എഫ്. ഡബ്ലിയു. ഡി. തീയതി 21-6-2002 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനും സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് നോമിനികൾ അംഗങ്ങളുമായ ജില്ലാതല സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതുവരെ നിയമനങ്ങൾ നിർത്തിവയ്ക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly